## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5518** **05-07-2024 - ൽ മറുപടിയ്ക്ക്**

## തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഉൾപ്പെടുന്നുണ്ട്. എന്നാൽ, സ്റ്റേഡിയം നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിനു പുറമെയുള്ള സ്രോതസ്സുകളിൽ നിന്നും ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ, ഈ പദ്ധതിക്ക് ഇതുവരെ പ്ലാൻ ഫണ്ട് വകയിരുത്തുകയോ ഭരണാനുമതി പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | സർക്കാർ വിഹിതം 50 ശതമാനവും എംഎൽഎ ഫണ്ട് വിഹിതം 50 ശതമാനവും എന്ന രൂപത്തിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന് അനുവദിച്ച സർക്കാർ വിഹിതം വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, മുൻപ് വകയിരുത്തിയ തുക തിരിച്ചെടുക്കുന്നതിനുള്ള കാരണങ്ങൾ എന്താണ്, വിശദമാക്കാമോ; | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഉൾപ്പെടുന്നുണ്ട്. എന്നാൽ, സ്റ്റേഡിയം നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിനു പുറമെയുള്ള സ്രോതസ്സുകളിൽ നിന്നും ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ, ഈ പദ്ധതിക്ക് ഇതുവരെ പ്ലാൻ ഫണ്ട് വകയിരുത്തുകയോ ഭരണാനുമതി പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എയിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കായികയുവജനകാര്യ ഡയറക്ടർ സ്വീകരിക്കുന്നത്. മേൽപ്രകാരമുള്ള അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ